നം. എഫ്1/ 11820 / 2014

ട്രഷറി ഡയറക്ടറേറ്റ്
തിരുവനന്തപുരം
തീയതി 16-07-2014

**<u>സർക്കുലർ നമ്പർ. 61 / 2014</u>**

വിഷയം: വെണ്ടർ നാൾവഴി രജിസ്റ്ററുകൾ തിരികെ ട്രഷറിയിൽ ഏൽപ്പിക്കുന്നത് - സംബന്ധിച്ച്

സൂചന: 09-07-2014ലെ വിജിലൻസ് സെക്ഷനിൽ നിന്നുള്ള വിജി1/10862/2010 നമ്പർ അനൗദ്യോഗിക കുറിപ്പ്

വ്യാജ മുദ്രപ്പത്രങ്ങളുടെ പ്രചാരം തടയുന്നതിന് ട്രഷറികളിൽ സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങളുടെ ഭാഗമായി പുറപ്പെടുവിക്കുന്ന നിർദ്ദേശം.

1960-ലെ കേരള മുദ്രപ്പത്ര നിർമ്മാണവും വിൽപ്പനയും സംബന്ധിച്ച ചട്ടം 43 പ്രകാരം എല്ലാ വെണ്ടർമാരും നിശ്ചിത വെണ്ടർ നാൾവഴി സൂക്ഷിക്കേണ്ടതാണ്.

വെണ്ടർമാർ വിൽക്കുന്ന എല്ലാ മുദ്രപ്പത്രങ്ങളുടെയും ക്രമനമ്പർ, അവ ആർക്കാണ് വിറ്റത്, അവരുടെ വിലാസം എന്നീ വിവരങ്ങൾ ഈ ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നുണ്ടോയെന്ന് ട്രഷറി ഓഫീസർ / സ്റ്റാമ്പ് ഡിപ്പോ ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

ഈ ബുക്കിലെ പേജുകളിൽ ക്രമമായി പേജ് നമ്പർ ഇട്ടിട്ടുണ്ടെന്നും, അതിൽ ട്രഷറി സീൽ പതിപ്പിച്ചിട്ടുണ്ടെന്നും ട്രഷറി ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്. പുതിയ നാൾവഴി രജിസ്റ്റർ നൽകുമ്പോൾ വെണ്ടർമാർ ഉപയോഗിച്ച നാൾവഴി രജിസ്റ്റർ ട്രഷറിയിൽ തിരികെ വാങ്ങി പരിശോധന നടത്തി പ്രത്യേക രജിസ്റ്ററിൽ ചേർത്ത് ട്രഷറി ഓഫീസറുടെ അധീനതയിൽ സൂക്ഷിക്കേണ്ടതാണ്. മറ്റൊരു ട്രഷറി ഓഫീസർക്ക് ചാർജ്ജ് കൈമാറുന്ന അവസരത്തിൽ ഇത്തരത്തിൽ സൂക്ഷിച്ചിരിക്കുന്ന വെണ്ടർ നാൾവഴികളും നിയമാനുസൃതം കൈമാറേണ്ടതാണ്.

Sd/-
എസ്. ശ്രീകുമാർ
ട്രഷറി ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർ / ജില്ലാ ട്രഷറി ഓഫീസർമാർ / സബ് ട്രഷറി ഓഫീസർമാർ / സ്റ്റാമ്പ് ഡിപ്പോ ഓഫീസർമാർ / വിജിലൻസ് സെക്ഷൻ / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

a